# വിജ്ഞാപനം

നമ്പർ:193/2010/സം.തി.ക. തീയതി, തിരുവനന്തപുരം 2010 ജൂലൈ 27

19.06.2010-ലെ സർക്കാർ ഉത്തരവ് (കയ്യെ) നം. 126/2010 ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ സ്ഥാനങ്ങളിൽ മൂന്നെണ്ണം അടുത്ത പൊതുതിരഞ്ഞെടുപ്പിനു വേണ്ടി സ്ത്രീകൾക്കായി സംവരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. കൊച്ചി, തൃശൂർ എന്നീ കോർപ്പറേഷനുകളിലെ മേയർ സ്ഥാനം 2005-ൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2005-ലെ സംവരണ സ്ഥാനങ്ങളിൽ ഉൾപ്പെടാത്ത തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ കോർപ്പറേഷൻ കൗൺസിലുകളുടെ മേയർ സ്ഥാനങ്ങൾ 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 10-ാം വകുപ്പ് പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് വിജ്ഞാപനം ചെയ്യുന്നു.

*Sd/-*

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.

# വിജ്ഞാപനം

നമ്പർ: 195/2010/സം.തി.ക. തീയതി, തിരുവനന്തപുരം 2010 ജൂലൈ 30

2010 -ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി, സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലെ മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് 27.07.2010 - ലെ 193/2010/സം.തി.ക. നമ്പർ ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനപ്രകാരം മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത കൊച്ചി, തൃശൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഡെപ്യൂട്ടി മേയർ സ്ഥാനം 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 11 (1എ) വകുപ്പ് പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

*Sd/-*

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.